## പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4072 24.06.2019 -ലെ മറുപടിക്ക്**

**<u>ഭൂരഹിതർക്ക് ഭൂമി പദ്ധതി, ഭവനനിർമ്മാണപദ്ധതി</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.കെ.ബഷീർ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമം ലക്ഷ്യമാക്കി പട്ടികജാതി പട്ടികവർഗ്ഗ വികസനവകുപ്പ് ഭവനനിർമ്മാണപദ്ധതി, ഭൂരഹിതർക്ക് ഭൂമി പദ്ധതി എന്നിവ നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) | ഉണ്ട്.<br>വകുപ്പ് നടപ്പാക്കുന്ന ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം സ്വന്തമായി ഭൂമിയില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് പഞ്ചായത്ത് പ്രദേശങ്ങളിൽ 5 സെന്റിന് 3,75,000/- രൂപയും മുനിസിപ്പാലിറ്റി പരിധിയിൽ മൂന്ന് സെന്റിന് 4,50,000/- രൂപയും കോർപ്പറേഷൻ പരിധിയിൽ മൂന്ന് സെന്റിന് 6,00,000/- രൂപയും നൽകി വരുന്നു. വരുമാന പരിധി 50,000/- രൂപയാണ്. ഈ സർക്കാർ വന്നശേഷം 23801 വീടുകൾ പുതുതായി അനുവദിച്ചു.<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 09.02.2018 ലെ സ.ഉ.(കൈ) നം.15/2018/പജപവവിവ പ്രകാരം ഭവന നിർമ്മാണ ധനസഹായം 4 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിരുന്നു. 2018-19 മുതൽ ലൈഫ് മിഷൻ മുഖേനയാണ് ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നത്. പ്രസ്തുത പദ്ധതി നിർവ്വഹണത്തിനായി 61.30 കോടി രൂപ ലൈഫ് മിഷന് ഇക്കഴിഞ്ഞ സാമ്പത്തിക വർഷം കൈമാറിയിട്ടുണ്ട്. 14.06.2019 ലെ സ.ഉ.(സാധാ) നം.483/2019/പജപവവിവ നമ്പർ ഉത്തരവ് പ്രകാരം വിവിധ കാരണങ്ങളാൽ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തവർക്ക് വ്യവസ്ഥകൾക്ക് വിധേയമായി 1,50,000/- രൂപ പ്രത്യേക ധനസഹായമായി അനുവദിച്ചിട്ടുണ്ട്. മാത്രവുമല്ല, മുൻകാലങ്ങളിൽ അനുവദിച്ചതും എന്നാൽ നിർമ്മാണം പൂർത്തീകരിക്കാത്തതുമായ |

| | | | |
|---|---|---|---|
| | | | ഭവനങ്ങളുടെ പൂർത്തീകരണത്തിനായി നിലവിലെ യൂണിറ്റ് കോസ്റ്റിന് ആനുപാതികമായ തുകയും അനുവദിക്കുന്നുണ്ട്.<br>2016-17 സാമ്പത്തിക വർഷം മുതൽ പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ജനറൽ ഹൗസിംഗ്, ഹഡ്കോ, വനബന്ധുകല്യാൺ യോജന എന്നീ പദ്ധതികൾ മുഖേന ഭവനനിർമ്മാണത്തിന് ധനസഹായം നൽകിവരുന്നു. കുടുംബശ്രീ മുഖേന ഭവനരഹിതരായ പട്ടികവർഗ്ഗ ഗുണഭോക്താക്കളുടെ വിവരശേഖരണം നടത്തുകയും അർഹരായ 6025 ഗുണഭോക്താക്കൾക്കും 2018-19 സാമ്പത്തിക വർഷം മുതൽ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭവനനിർമ്മാണത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഭൂരഹിതരായ ഗുണഭോക്താക്കളുടെ ക്ഷേമം ലക്ഷ്യമാക്കി 2018-ൽ ലാന്റ് ബാങ്ക് പദ്ധതിയും വനാവകാശം ലഭിക്കുന്നതിനായി ജില്ലാതലകമ്മിറ്റി (DLC) പാസ്സാക്കിയ അപേക്ഷകളിന്മേൽ വനാവകാശരേഖയും അനുവദിച്ചിട്ടുണ്ട്. |
| (ബി) | നാളിതുവരെയായിട്ടുള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതിയുടെ വിശദാംശം നൽകുമോ; | (ബി) | അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതിയെ ക്കുറിച്ച് കൃത്യമായ ഇടവേളകളിൽ അവലോകനം നടത്തിയിട്ടുണ്ടോ. എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | (സി) | പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭവന-ഭൂരഹിത പദ്ധതിയുടെ പുരോഗതി നിർവ്വഹണ ഉദ്യോഗസ്ഥരുടെയും തുടർന്ന് പട്ടികജാതി പട്ടികവർഗ്ഗ വകുപ്പദ്ധ്യക്ഷൻമാരുടെയും അദ്ധ്യക്ഷതയിൽ അവലോകനം ചെയ്തുവരുന്നു. അനുവദിക്കുന്ന പദ്ധതികൾ യാതൊരു പ്രതിബന്ധവുമില്ലാതെ ഫലപ്രാപ്തിയിലെത്തുന്നതിനാവശ്യമായ ആസൂത്രണമാണ് ഇത്തരം പ്രവർത്തനങ്ങളിലൂടെ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

# പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭൂരഹിതർക്ക് ഭൂമി വാങ്ങി നൽകൽ, ഭവന നിർമ്മാണം എന്നീ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ

## പട്ടികജാതി വികസന വകുപ്പ്

| | |
|---|---|
| ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം തെരഞ്ഞെടുത്ത കുടുംബങ്ങൾ | 11374 |
| അനുവദിച്ച ധനസഹായം | 65948.8 ലക്ഷം |

## ഭവനനിർമ്മാണ പദ്ധതി

| വർഷം | അനുവദിച്ച വീടുകളുടെ എണ്ണം | പൂർത്തീകരിച്ചത് |
|---|---|---|
| 2016-17 | 14906 | 11181 |
| 2017-18 | 8895 | 5664 |
| 2018-19 | 245 | 4 |

ശേഷിക്കുന്നവ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്

## പട്ടികവർഗ്ഗ വികസന വകുപ്പ്

ഭൂരഹിത പുനരധിവാസ പദ്ധതി

| കാലയളവ് | ഗുണഭോക്താക്കളുടെ എണ്ണം | വാങ്ങിനൽകിയ ഭൂമി (ഏക്കറിൽ) |
|---|---|---|
| 2016-17 മുതൽ 2018-19 വരെ | 283 | 149.03916 |
| ലാന്റ്ബാങ്ക് പദ്ധതി | 147 | 14.7 |

ഭവനനിർമ്മാണ പുനരധിവാസ പദ്ധതി

| വർഷം | പദ്ധതി | അനുവദിച്ചത് | പൂർത്തീകരിച്ചത് |
|---|---|---|---|
| 2016-17 | ജനറൽ ഹൗസിംഗ് | 1875 | 110 |
| | ഹഡ്കോ | 2980 | 97 |
| | വനബന്ധു കല്യാൺയോജന | 1854 | 80 |
| | **ആകെ** | **6709** | **287** |
| 2018-19 | ലൈഫ് മിഷൻ | 12183 | 10267 |

സെക്ഷൻ ഓഫീസർ